1
ജൂലൈ 2023
ശനി
Pages- 5

# ക്രിസ്ത്യൻലൈവ് ദിനപത്രം

Vol. 2 Issue 149
On the Battlefield for the Great Commission
CNL 7 MEDIA
518

# രാജ്യത്തെ സഭകൾ സംരക്ഷിക്കാനൊരുങ്ങി ഫ്രഞ്ച് ക്രൈസ്തവ സമൂഹം

**പള്ളികളെ പരിപാലിക്കുക എന്നതിനർത്ഥം രാജ്യത്തെ പരിപാലിക്കുക എന്നതാണ്. ഫ്രഞ്ച് ബിഷപ്പ് കോൺഫറൻസ് ഡിപ്പാർട്ട്മെന്റിന്റെ ഡയറക്ടർ ഫാദർ ഗൗട്ടിയർ മോർനാസ് പറഞ്ഞു**



പേജ് 04 കാണുക

## മണിപ്പൂർ കലാപം: ക്രൈസ്തവർക്ക് നേരെയുള്ള ആക്രമണമെന്ന് യു കെ പാർലമെന്റ് അംഗം

## എഡിറ്റോറിയൽ

## ക്രിസ്ത്യൻ ലൈവ്

**2023 ജൂലൈ 1 ശനി**



# ഉയർന്നുകേൾക്കുന്നു കൂർക്കംവലി

‘**നീ**റോയുടെ വീണവായന’ എന്ന ചൊല്ല് ലോകവ്യാപകമായി പറഞ്ഞു പതിഞ്ഞുപോയ ഒരു ശൈലിയാണ്. പ്രതികരിക്കേണ്ടവർ പ്രതികരിക്കേണ്ട സമയത്തു അതിനെക്കുറിച്ചു മൗനമായിരുന്നു, മറ്റു വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനെയാണു നീറോയുടെ വീണവായന എന്നതുകൊണ്ടു അർത്ഥമാക്കുന്നത്. നീറോയ്ക്ക് പ്രതികരിക്കുവാൻ കഴിയുമായിരുന്നില്ല. കാരണം, റോമാനഗരത്തിന്റെ സ്ഥാനത്തു നീറോപൊലീസ് പണിയുവാനായി, നീറോ തന്നെയാണ് അതായത് നീറോയുടെ ആജ്ഞപ്രകാരം കിങ്കരന്മാർ, തീയിട്ടത്. കുറ്റം ക്രിസ്ത്യാനികളുടെ മേൽ ചുമത്തി അവരെ ക്രൂരമായി പീഡിപ്പിക്കുകയും ചെയ്തു. നീറോപൊലീസ് പണിതില്ല എന്നുമാത്രമല്ല ഒടുവിൽ നീറോ ആത്മഹത്യ ചെയ്യുകയും ചെയ്തു. റോമാസാമ്രാജ്യം ചരിത്രത്തിൽ അസ്തമിച്ചു. ഇന്നു റോമിന്റെ ഉള്ളിൽ ഒരു സ്വതന്ത്ര രാഷ്ട്രമായി (നാമധേയ ക്രിസ്ത്യാനിത്വം ആണെങ്കിൽ പോലും) ലോകകത്തോലിക്ക സമൂഹങ്ങളുടെ ആസ്ഥാനനഗരിയായി വർത്തിക്കാൻ നിലകൊള്ളുന്നു.

ബോൾഷെവിക് വിപ്ലവം അരങ്ങേറുമ്പോൾ റഷ്യൻ ഓർത്തഡോക്സ് സഭയുടെ സുന്നഹദോസ് നടക്കുകയായിരുന്നു. വിശുദ്ധമൂറോൻ തൈലത്തിൽ ചത്ത ഈച്ച വീണാൽ തൈലം അശുദ്ധമാകമോ അതോ ചത്തഈച്ച വിശുദ്ധമാകുമോ എന്ന വിഷയത്തിൽ തർക്കം കൊടുമ്പിരികൊണ്ടു നില്ക്കുകയായിരുന്നു. ഏതായാലും, ചത്തഈച്ചയെ വിശുദ്ധമായി പ്രഖ്യാപിക്കും മുമ്പു കമ്യൂണിസ്റ്റുകൾ ഇരച്ചുകയറി പട്ടക്കാരെയും മേല്പട്ടക്കാരൊയും കൊന്നുകളഞ്ഞു.

അർമേനിയൻ ക്രൈസ്തവരെ ഉന്മൂലനം ചെയ്യുവാൻ ഒട്ടോമാൻ സാമ്രാജ്യം രണ്ടു വംശഹത്യകൾ നടത്തി. ഒന്നാമത്തേതു ഹമീദിയൻ വംശഹത്യയും (1894–1896), രണ്ടാമത്തേതു അർമേനിയൻ വംശഹത്യയും (1914–1923) ആയിരുന്നു. ഒട്ടോമാൻ സുൽത്താൻ അബ്ദുൽ ഹമീദ് നടത്തിയ കൂട്ടക്കൊലയാണു ഹമീദിയൻ വംശഹത്യ. സ്വദേശത്തു അടിമകളെപ്പോലെ കഴിയാൻ വിധിക്കപ്പെട്ട ക്രിസ്ത്യാനികളുടെ മേൽ സുൽത്താൻ അമിതഭാരമുള്ള നികുതി ചുമത്തി. വർദ്ധിച്ചുവന്ന ദേശീയബോധം നികുതിഭാരത്തിനെതിരെ പ്രതികരിക്കുവാൻ സാസൂൺ മേഖലയിൽ പാർത്തിരുന്ന അർമീനിയൻ ക്രൈസ്തവരെ ശക്തമായി പ്രേരിപ്പിച്ചു. തുടർന്നു തുർക്കികളും കുർദ്ദുകളും ചേർന്നു അവർക്കെതിരെ ശക്തമായ ആക്രമണം അഴിച്ചുവിട്ടു. 1895ൽ ഉർഫാ കത്തീഡ്രലിൽ അഭയംതേടിയ 3000 അർമീനിയൻ ക്രിസ്ത്യാനികളെ ഒട്ടോമാൻ ജീവനോടെ ചുട്ടുകൊന്നു. ചരിത്രത്തിന്റെ കാവ്യനീതി ആണെന്നു തോന്നുന്നു കുർദ്ദുകളെ നശിപ്പിക്കുവാൻ ഒരു സദ്ദാംഹുസൈൻ എഴുന്നേറ്റു. അർമീനിയൻ ക്രൈസ്തവരുടെ പ്രതിഷേധം സാസൂൺ മേഖലയിൽ നിന്നു ഉയർന്നുവെങ്കിൽ, ആ സാസൂൺ മേഖലയിൽ നിന്നു ഉയർന്നുവന്ന യെഹൂദാ സാസൂൺകുടുംബം ആ പ്രദേശത്തെ ‘സാസൂൺ കോഡെക്സ്’ എന്ന പുരാതന ഹീബ്രു ബൈബിൾ കയ്യെഴുത്തുപ്രതി യിലൂടെ എന്ന വിശ്വപ്രസിദ്ധമാക്കി.

അർമേനിയൻ കൂട്ടക്കൊലയെക്കുറിച്ചു ഗ്രന്ഥങ്ങൾ എഴുതിയാലും തീരില്ല. ഹമീദിയൻ കൂട്ടക്കൊലയിൽ നിന്നും ഉയർത്തെഴുന്നേറ്റ അർമേനിയൻ ക്രൈസ്തവർ മഹാസമ്പന്നരും ഇന്റലെക്ൾചൽസും സാംസ്കാരിക പ്രതിബദ്ധത ഉള്ളവരും ആയി മാറി. യുദ്ധത്തിൽ സാമ്പത്തികമായി തകർന്നപോയ തുർക്കി അവരുടെമേൽ നോട്ടമിട്ടു. ഒരു മെത്രാൻ ഉൾപ്പെടെ 636 പേർ വരുന്ന ബൗദ്ധികസംഘത്തെ തുർക്കിസാമ്രാജ്യത്തിന്റെ വിവിധയിടങ്ങളിൽ നിന്നു തിരഞ്ഞുപിടിച്ചു അറസ്റ്റുചെയ്തു ഒന്നിച്ചുകൊണ്ടുപോയി കോടാലിയും കഠാരയും ഉപയോഗിച്ചു കൊന്നുകളഞ്ഞു. 40,000 പേർ വരുന്ന മറ്റൊരു സമൂഹത്തെ പട്ടാളം സിറിയ മരുഭൂമിയിലേക്കു നടത്തി. അവിടെ എത്തിയത് വെറും 200 പേർ മാത്രം. അവരെ മരണത്തിനു വിട്ടുകൊടുത്തു പട്ടാളം മടങ്ങി. ഈ കൂട്ടക്കൊലകൾക്കെതിരെ പ്രതികരിക്കാൻ, പ്രതിഷേധിക്കാൻ ഒറ്റ യൂറോപ്യൻ ക്രൈസ്തവരാജ്യം പോലും, എന്തിനധികം വത്തിക്കാൻ പോലും, മുന്നോട്ടു വന്നില്ല അവരെല്ലാം ഒന്നാം ലോകമഹായുദ്ധത്തിന്റെ തിരക്കിലായിരുന്നു.

ജർമൻ നാസി ഭരണകൂട ക്രൂരതയ്ക്കെതിരെ എഴുതുകയും വംശഹത്യയ്ക്കു എതിരെ പ്രതികരിക്കുകയും ചെയ്ത മാർട്ടിൻ നീമോളറുടെ, ‘ഒടുവിൽ അവർ എന്നെയും തേടി വന്നു,’ എന്ന പ്രസ്താവന വിശ്വവിഖ്യാതം ആണല്ലോ. അന്നു ഹിറ്റ്ലറുടെ പാദസേവകരും പിണിയാളുകളും ആയി മാറിയ ജർമൻ കത്തോലിക്കർ യെഹൂദാതിരുവെഴുത്തായ പഴയനിയമത്തെ ഇകഴ്ത്തുവാനായി ഹയർ ക്രിട്ടിസിസം നടത്തി റെഡ് സീയെ (ചെങ്കടൽ) റീഡ് സീയും (ഞാങ്ങണക്കടൽ) മന്നയെ മരുഭൂമിയിലെ ഒരു വൃക്ഷഫലവും ആക്കുന്ന ഫിലോസഫിക്കൽ ഇന്റെലക്ചൽ ക്രസ്റ്റിയാനിറ്റി കെട്ടുപണി ചെയ്യുന്ന തിരക്കിലായിരുന്നു –ജീവൻ അറ്റുപോയ ലിബറൽ തിയോളജി യെ പുനരുജ്ജീവിപ്പിക്കാനും!

റഷ്യ അഫ്ഘാനിസ്ഥാനിൽ നിന്നു പിന്മാറിക്കഴിഞ്ഞു അമേരിക്കൻ യുദ്ധവിമാനങ്ങൾ അഫ്ഘാൻ ആകാശത്തു ഇടിമുഴക്കം സൃഷ്ടിച്ചു ചീറിപ്പായുമ്പോൾ
സരസനായ ഒരു നിരീക്ഷകൻ, ‘ഓ അതു യുദ്ധവിമാനങ്ങളുടെ ശബ്ദമല്ല, റഷ്യൻ പ്രസിഡന്റിന്റെ കൂർക്കംവലിയാണ്,’ എന്ന അടിക്കുറിപ്പോടെ കാർട്ടൂൺ വരച്ചതു ഓർമ്മയിൽ വരുന്നു. മണിപ്പൂർ കത്തുന്നു, വംശഹത്യ നടക്കുന്നു. ആയിരങ്ങളുടെ നിലവിളി അവിടെ നിന്നു ഉയരുന്നു. അല്ല അതു നിലവിളിയല്ല ആരുടെയൊക്കെയോ കൂർക്കംവലിയാണ്.




**പാസ്റ്റർ സണ്ണി പി സമുവൽ**

Editorial board

**Chief Editor:**
Blessin John Malayil
**Managing Editor**
Aji George
**Publisher**
Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji lype Mathews
Pr. Shibu Thomas , Oklahoma .
Pr. Blesson Cherian , Canada.
Rojin Pynummoodu
Duglus Joseph
Sis.Jessy Koshy
Sis.Blessy Rufus

+91 9188522220 +91 9846552220 Email: cnl7news@gmail.com




**അയോഗ്യമായ പടച്ചട്ട ധരിച്ച പടനായകന്മാർ!**

# 2024 പി.സി.എൻ.എ.കെ മഹാസമ്മേളനത്തിനു ഹൂസ്റ്റൺ വേദിയാകും



ഫിലദൽഫിയ: അമേരിക്കയിൽ കുടിയേറിയ മലയാളി സമൂഹത്തിൽ ശക്തമായ സാന്നിധ്യമായ പെന്തക്കോസ്ത് വിശ്വാസ സമൂഹത്തിന്റെ 39മത് ദേശീയ കോൺഫറൻസിന് ഹൂസ്റ്റൺ വേദിയാകും.
2024 ജൂലൈ നാലു മുതൽ ഏഴ് വരെ ഹൂസ്റ്റൺ ജോർജ് ബ്രൗൺ കൺവെൻഷൻ സെൻട്രലിൽ വച്ചായിരിക്കും മഹാസമ്മേളനം നടക്കുക.
പാസ്റ്റർ ഫിന്നി ആലുംമൂട്ടിലിനെ നാഷണൽ കൺവീനറായി നേരത്തെ തിരഞ്ഞെടുത്തിരുന്നു. നാഷണൽ സെക്രട്ടറിയായി രാജു പൊന്നോലി , നാഷണൽ ട്രഷററായി ബിജു തോമസ്, യൂത്ത് കോർഡിനേറ്റർ റോബിൻ രാജു എന്നിവരെ ഫിലാദൽഫിയയിൽ വെച്ച് നടത്തപ്പെട്ട പി. സി .എൻ. എ. കെ ജനറൽബോഡിയിൽ തെരഞ്ഞെടുത്തു. കുര്യൻ സഖറിയ മീഡിയ കോർഡിനേറ്റർ, നിബു വെള്ളവന്താനം പബ്ലിസിറ്റി കോർഡിനേറ്റർ, പാസ്റ്റർ പി.വി. മാമ്മൻ പ്രയർ കോർഡിനേറ്റർ എന്നിവരെയും തിരഞ്ഞെടുത്തു. വിപുലമായ നാഷണൽ, ലോക്കൽ കമ്മറ്റിയെ പിന്നീട് പ്രഖ്യാപിക്കും.

## ഐ.പി.സി. ആക്ഷൻ കൗൺസിൽ; ‘നയപ്രഖ്വാപനം’ ജൂലൈ 4 ന് കുമ്പനാട് ഹെബ്രോൻപുരത്ത്

കുമ്പനാട്:ഐ.പി.സി എന്ന സഭാ പ്രസ്ഥാനത്തിൽ നടന്നു വരുന്ന ദൈവസഭാ വിരുദ്ധ പ്രവർത്തനങ്ങൾ, ജനാധിപത്യ മര്യാദകളെ അട്ടിമറിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ ഏകാധിപത്യ ഭരണം, ദൈവസഭയെ തകർക്കുന്ന പ്രവണതകൾ,തുടങ്ങി ഇന്ന് അതിന്റെ മൂർദ്ധന്യ അവസ്ഥയിൽ തുടരുന്നതിനാൽ പ്രസ്തുത വിഷയങ്ങളിൽ പ്രതിഷേധം അറിയിക്കുന്നതിനും നിയമപരവും നീതിപരവുമായ നിലകളിൽ ഐപിസി ദൈവസഭയ്ക്കായി ശബ്ദമുയർത്തുന്നതിനായിട്ടാണ് "IPC ACTION COUNCIL"രൂപീകരിച്ച് പ്രവർത്തിക്കുന്നത്

ഐ.പി.സി. ആക്ഷൻ കൗൺസിലിന്റെ തീരുമാനങ്ങളും നടപ്പിൽ വരുത്തേണ്ടതുമായ; ‘നയപ്രഖ്യാപനം’ ജൂലൈ 4 ന് രാവിലെ 10 മണി മുതൽ കുമ്പനാട് ഹെബ്രോൻപുരത്ത് വച്ച് നടക്കും.
ഐ.പി.സി യുടെ ഭരണം അട്ടിമറിച്ച്, സ്വയം പ്രഖ്യാപിത നേതാക്കൾ പുറത്തു പോകണമെന്നും, 2002 ലെ ഭരണഘടന അനുസരിച്ച്, ജനാധിപത്യ മര്യാദ പാലിച്ച് ജനറൽ ഇലക്ഷൻ നടത്തണമെന്നും, പാസ്റ്റർ വത്സൻ എബ്രഹാം കൈയ്യടക്കിയ ഹെബ്രോൻ പുരത്തിന്റെ ആധാരം ഐ.പി.സിക്ക് തിരികെ നൽകണമെന്നും, ജനാധിപത്യപരമായി തെരെഞ്ഞെടുക്കപ്പെട്ട ഐ.പി.സി കേരള സ്റ്റേറ്റിൽ , സ്വയം പ്രഖ്യാപിത ജനറൽ എക്സിക്യൂട്ടിവ് സിന്റെ അകാരണ ഇടപ്പെടലുകൾ നിർത്തലാക്കണമെന്നും, സ്വയം പ്രഖ്യാപിത ജനറൽ പ്രസിഡന്റിന്റെ സമാന്തര സംഘടന ഇടപാടുകൾ കേന്ദ്ര ഏജൻസികളെ കൊണ്ട് അന്വേഷിപ്പിക്കണമെന്നും, പ്രതികരിക്കുന്നവരെ പ്രതികളാക്കുകയും, പുറത്താക്കുകയും ചെയ്യുന്ന ഭരണകൂടവേട്ട അവസാനിപ്പിക്കണമെന്നും, ഐ.പി.സി.യെ, ഐ.ജി. ഒ യിൽ ലയിപ്പിക്കുവാനുള്ള ഗൂഢലക്ഷ്യം അവസാനിപ്പിക്കണമെന്നും, പാസ്റ്റർ ഷിബു നെടുവേലിയുടെ അകാരണമായ സസ്പെൻഷൻ പിൻവലിക്കണമെന്നുംഉള്ള തുടങ്ങിയ ആവശ്യങ്ങൾ ളാണ് ഐ.പി.സി ആക്ഷൻ കൗൺസിൽ മുന്നോട്ടു വയ്ക്കുന്ന വിഷയങ്ങൾ. ഐ.പി.സിയെ തകർക്കുന്നവർക്കെതിരെയുള്ള മൂർച്ചയേറിയ ഒരായുധമാണ് ആക്ഷൻ കൗൺസിൽ എന്നാണു് വിശ്വാസ സമൂഹം പറയുന്നത്.

# പാസ്റ്റർമാർക്കെതിരെ രജിസ്റ്റർ ചെയ്ത കള്ളക്കേസുകൾ പുന:പരിശോധിക്കും: സിദ്ധരാമയ്യ



ബെംഗളൂരു: മതപരിവർത്തന നിരോധന നിയമപ്രകാരം പാസ്റ്റർമാർക്കെതിരെ രജിസ്റ്റർ ചെയ്ത കള്ളക്കേസുകൾ പുന:പരിശോധിക്കുമെന്ന് കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ .

ഇന്ത്യൻ ക്രിസ്ത്യൻ യൂണിറ്റി ഫോറത്തിന്റെ നേതൃത്വത്തിൽ പെന്തെക്കോസ്ത് സഭാ പാസ്റ്റർമാരും ക്രൈസ്തവ സംഘടനാ നേതാക്കളും തങ്ങളുടെ സമൂഹത്തിലെ പ്രശ്നങ്ങൾ മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പാസ്റ്റർമാരുടെയും ക്രിസ്ത്യൻ സംഘടനാ നേതാക്കളുടെയും പ്രതിനിധി സംഘം വെള്ളിയാഴ്ച ഇന്ത്യൻ ക്രിസ്ത്യൻ ഫോറത്തിന്റെ നേതൃത്വത്തിൽ മുഖ്യമന്ത്രിയുടെ ഹോം ഓഫീസ് കൃഷ്ണയിൽ അദ്ദേഹത്തെ കാണുകയും വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. സംസ്ഥാനത്തെ ക്രിസ്ത്യാനികൾ ഉൾപ്പെടെയുള്ള എല്ലാ സമുദായങ്ങളുടെയും ഭരണഘടനാപരമായ അവകാശങ്ങൾ സംരക്ഷിക്കുമെന്നും ആവശ്യമായ സംരക്ഷണം നൽകുമെന്നും മുഖ്യമന്ത്രി സിദ്ധരാമയ്യ ഉറപ്പുനൽകി. അടുത്ത ബജറ്റിൽ സമൂഹത്തിന് കൂടുതൽ ഗ്രാന്റുകൾ നൽകുമെന്ന് അദ്ദേഹം വാഗ്ദാനം ചെയ്തു. നേരത്തെ ക്രൈസ്തവ സമൂഹത്തെ ലക്ഷ്യമിട്ട് ബിജെപി സർക്കാർ പാസാക്കിയ നിർബന്ധിത മതപരിവർത്തന നിരോധന നിയമം പിൻവലിക്കാനുള്ള സിന്ധരാമയ്യ സർക്കാരിന്റെ തീരുമാനത്തെ ക്രൈസ്തവ പെന്തെക്കൊസ്ത് സഭാ നേതാക്കൾ സ്വാഗതം ചെയ്തിരുന്നു. കൂടാതെ മതപരിവർത്തന നിരോധന നിയമത്തിൽ കൊണ്ടുവന്ന ഭരണഘടനാ വിരുദ്ധ ഭേദഗതി പിൻവലിക്കാൻ തീരുമാനിച്ചതായി സിദ്ധരാമയ്യ പറഞ്ഞു.

# വർഷിപ് സെന്റർ കോളേജ് ഓഫ് തിയോളജി 12 –ാമത് ബിരുദദാന സമ്മേളനം

ഷാർജാ: ഇന്റർനാഷണൽ അസോസിയേഷൻ ഫോർ തിയോളജിക്കൽ അക്രെഡിഷൻ (IATA) അംഗീകാരം ഉള്ള വർഷിപ് സെന്റർ കോളേജ് ഓഫ് തിയോളജിയുടെ 12 മത് ബിരുദദാന സമ്മേളനം ജൂലൈ 8, ശനിയാഴ്ച വൈകിട്ട് 7 മണിക്ക് ഷാർജാ വർഷിപ് സെന്റർ മെയിൻ ഹാളിൽ നടക്കും. റവ. ഡോ. സ്റ്റാലിൻ കെ. തോമസ് (IATA ഇന്റർനാഷണൽ ഡയറക്ടർ ), ഡോ . ജെയിംസ് ആൻഡ്രൂ വിൽസൺ, കാനഡ (IATA ഇന്റർനാഷണൽ ഓർഗനിസർ) എന്നിവർ മുഖ്യ അതിഥികൾ ആയിരിക്കുമെന്ന് കോളേജ് ഡയറക്ടർ റവ. ഡോ. വിൽസൺ ജോസഫ് അറിയിച്ചു. ഇന്ത്യ പെന്തകോസ്ത് ദൈവസഭയുടെ (ഐപിസി ) അംഗീകാരം ഉള്ള മിഡിൽ ഈസ്റ്റ്ലെ ഏക ബൈബിൾ കോളേജ് ആണ് വർഷിപ് സെന്റർ കോളേജ് ഓഫ് തിയോളജി.

ഈ വർഷത്തെ തീം സൗഹൃദ ദൗത്യം (Mission in Harmony ) എന്നതാണ്. M. Th(മാസ്റ്റർ ഓഫ് തിയോളജി ) M. Div (മാസ്റ്റർ ഓഫ് ഡിവിനിറ്റി ) B. Th ( ബാച്ലർ ഓഫ് തിയോളജി ) D. Th ( ഡിപ്ലോമ ഇൻ തിയോളജി ) C. Th ( സർട്ടിഫിക്കറ്റ് ഇൻ തിയോളജി ) എന്നീ കോഴ്സുകളുടെ ബിരുദദാനം ഇന്ന് നടക്കുന്നതിനോടോപ്പം പുതിയ അദ്ധ്യായന വർഷത്തേക്കുള്ള കോഴ്സുകൾ ജൂലൈ 19 ന് ആരംഭിക്കുമെന്ന് രജിസ്ട്രാർ റവ. റോയ് ജോർജ് അറിയിച്ചു. WCCT കൊയർ ഗാന ശ്രുശൂഷക്ക് നേതൃത്വം നൽകും.




## ക്രിസ്ത്യൻ മാട്രിമോണി

Born & raised in Qatar, Pentecostal youth (28/5'5), only son, works as a Chemical Engineer (Schlumberger), invites proposals from parents of spiritual and God fearing girls.“. Preference will be given to those those from medical field. Phone :97455327348. (WhatsApp) Email: jaj3292000@yahoo.co.in

**വധുവിനെ ആവശ്യമുണ്ട്**

**Remarriage,Born Again Syrian Christian**
**Boy,31 yr/172 cm,BE.Mech,Pathanamthitta 9946847617**

ക്രിസ്ത്യൻ പെന്തക്കോസ്ത് യുവാവ് Age-41, Height-179 (B. A Sociology, Bth, Dip Mission., B A. in Minitsry) ജോലിയോടൊപ്പം ജീവകാരുണ്യ പ്രവർത്തനവും സുവിശേഷ പ്രവർത്തനവും നടത്തുന്നു. സ്വദേശത്തോ വിദേശത്തോ ജോലിയുള്ളതും ഇല്ലാത്തതുമായ അനുയോജ്യമായ പെൺകുട്ടികളിൽ നിന്നും വിവാഹലോചനകൾ ക്ഷണിക്കുന്നു. ബാധ്യത ഇല്ലാത്ത പുനർ വിവാവഹവും പരിഗണിക്കും. **ഫോൺ: 9847683343.**

# ഡ്യൂട്ടിയിലാകുമ്പോൾ മതപരമായ വസ്തുക്കൾ ഉപയോഗിക്കുന്നത് നിരോധിച്ച് ഡച്ച് പൊലീസ്




ലണ്ടൻ: ഡ്യൂട്ടിയിലായിരിക്കുമ്പോൾ മതപരമായ വസ്ത്രങ്ങളും ചിഹ്നങ്ങളും ഉപയോഗിക്കുന്നത് നിരോധിച്ച് ഡച്ച് പൊലീസ്., ക്രിസ്ത്യൻ കുരിശുകൾ, ജൂതവിഭാഗത്തിലെ പുരുഷന്മാർ ധരിക്കുന്ന തൊപ്പി, ഹിജാബ് എന്നിവയാണ് പൊലീസ് നിരോധിച്ചിരിക്കുന്നത്. വലതുപക്ഷ, മുസ്‌ലിം വിരുദ്ധ രാഷ്ട്രീയ ഗ്രൂപ്പുകൾ പൊലീസ് യൂണിഫോം ന്യൂട്രാലിറ്റി ആവശ്യപ്പെട്ടതിന് പിന്നാലെയായിരുന്നു നടപടി. പൊലീസ് ഉദ്യോഗസ്ഥർ സർക്കാരിനെ പ്രതിനിധീകരിക്കുന്നവർ ആണെന്നും അവർ പ്രത്യക്ഷത്തിൽ മതത്തെയോ വിശ്വാസത്തേയോ പ്രകടമാക്കേണ്ടതില്ലെന്നും നിയമ മന്ത്രി ഡിലാൻ യെസിൽഗോസ് പറഞ്ഞു.

’ഉദ്യോഗസ്ഥർ യൂണിഫോമിൽ അവരുടെ മതത്തെയോ വിശ്വാസത്തെയോ പ്രത്യക്ഷത്തിൽ കാണിക്കുന്നത് അനുയോജ്യമാണെന്ന് ഞാൻ കരുതുന്നില്ല. അവർ സർക്കാരിനെ പ്രതിനിധീകരിക്കുന്നവരാണ്, അദ്ദേഹം പറഞ്ഞു. പൊലീസ് സേന എല്ലാ മത വിശ്വാസികളെയും ബഹുമാനിക്കുന്നുവെന്നും എന്നാൽ എല്ലാ ഉദ്യോഗസ്ഥരും ഒരേ നിയമത്തിന് കീഴിലാണെന്നും ഡിലാൻ യെസിൽഗോസ് പറഞ്ഞു.

# എ. ജി. ദക്ഷിണ മേഖല: അനുമോദന സമ്മേളനം ജൂലൈ 2ന്

തിരുവനന്തപുരം : അസംബ്ലീസ് ഓഫ് ഗോഡ് ദക്ഷിണ മേഖലയിലെ സണ്ടേസ്കൂൾ വിദ്യാർത്ഥികളിൽ നിന്നും 2022 – 2023 അദ്ധ്യയന വർഷത്തിൽ പത്താം ക്ലാസ്, പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും A+/ A1 നേടിയ വിദ്യാർത്ഥികളെ ജൂലൈ 2 ഞായറാഴ്ച വൈകുന്നേരം 3.30 ന് കടുക്കാമൂട്, എ. ജി. ദക്ഷിണ മേഖല ഓഫീസിൽ അനുമോദിക്കും. എ. ജി. മലയാളം ഡിസ്ട്രിക്ട് സെക്രട്ടറി പാസ്റ്റർ തോമസ് ഫിലിപ്പ് മുഖ്യാതിഥിയായിരിക്കും. പാസ്റ്റർ പി. കെ. ജോസ് (എ.ജി.മലയാളം ഡിസ്ട്രിക്ട് ട്രഷറർ) ആശംസ അറിയിക്കും. ദക്ഷിണ മേഖല ഡയറക്ടർ പാസ്റ്റർ പി. കെ. യേശുദാസ് നേതൃത്വം നൽകും.

## റ്റി.പി.എം സ്പെഷ്യൽ ബൈബിൾ സ്റ്റഡിസ് ജൂലൈ 18 മുതൽ ഗോവയിൽ

ഗോവ: ദി പെന്തെക്കോസ്ത് മിഷൻ ഗോവ (ബാംഗ്ലൂർ സെന്റർ) സഭയുടെ ആഭിമുഖ്യത്തിൽ ജൂലൈ 18 മുതൽ 21 വരെ സ്പെഷ്യൽ ബൈബിൾ സ്റ്റഡിസ് ഗോവയിലെ മാല പൻജിം കൺവൻഷൻ സെന്ററിലെ നടക്കും. ദിവസവും വൈകിട്ട് 5.45 ന് സ്പെഷ്യൽ ബൈബിൾ ക്ലാസ്സ് പൻജിം കൺവൻഷൻ സെന്ററിലും രാവിലെ 9 ന് ഉപവാസ പ്രാർത്ഥന റ്റി പി എം വേർണ ഫെയ്ത്ത് ഹോമിലും നടക്കും. സഭയുടെ സീനിയർ ശുശ്രൂഷകർ യോഗങ്ങൾക്ക് നേതൃത്വം നൽകും.

## പ്ലസ് വൺ അലോട്ട്മെന്റ്: 99.07% വിദ്യാർത്ഥികളും പ്രവേശനം നേടി

തിരുവനന്തപുരം: ഒന്നാം വർഷ ഹയർ സെക്കൻഡറി പ്രവേശനത്തിന്റെ മൂന്നാംഘട്ട അലോട്ട്മെന്റ് പൂർത്തിയാകുമ്പോൾ ഇതുവരെ പ്രവേശനം ലഭിച്ചത് 99.07% പേർക്ക്. ഇതോടെ ആകെ മെറിറ്റ് സീറ്റുകളിൽ പ്രവേശനം നേടിയവരുടെ എണ്ണം 2,99,309 ആയിട്ടുണ്ട്. മൂന്നാംഘട്ട അലോട്ട്മെന്റിൽ 80,694 പേർക്ക് കൂടി പ്രവേശനം ലഭിച്ചതായി വിദ്യാഭ്യാസ വകുപ്പ് അറിയിച്ചു. പ്രവേശനം നേടിയവർ ഇന്ന് രാവിലെ 10 മുതൽ ജൂലൈ നാലിന് വൈകീട്ട് നാല് മണിക്കകം അലോട്ട്മെന്റ് ലഭിച്ച സ്കൂളുകളിൽ പ്രവേശനം നേടണം. ഇല്ലെങ്കിൽ പ്രവേശന നടപടികളിൽ പുറത്താകും.

# മണിപ്പൂർ കലാപം: ക്രൈസ്തവർക്ക് നേരെയുള്ള ആക്രമണമെന്ന് യു കെ പാർലമെന്റ് അംഗം



■ **കഴിഞ്ഞ മാസം ആദ്യം ആരംഭിച്ച കലാപത്തിൽ നൂറുകണക്കിന് ക്രൈസ്തവ ദൈവാലയങ്ങളും ഗ്രാമങ്ങളുമാണ് ഇതുവരെ തകർക്കപ്പെട്ടത്**

ബ്രിട്ടൺ: മണിപ്പൂരിൽ ആഴ്ചകളായി തുടരുന്ന കലാപം തികച്ചും മതപരമെന്ന് വ്യക്തമാക്കുന്ന അന്വേഷണ റിപ്പോർട്ട് പുറത്തുവിട്ട് യു.കെയിലെ പാർലമെന്റ് അംഗം ഫിയോണ ബ്രൂസ്. മതസാതന്ത്ര്യത്തിനായുള്ള ബ്രിട്ടീഷ് പ്രധാനമന്ത്രിയുടെ പ്രത്യേക പ്രതിനിധികൂടിയാണ് ഫിയോണ ബ്രൂസ്. യു.കെയിലെ പ്രമുഖ പത്രപ്രവർത്തകൻ ഡേവിഡ് കാമ്പനാലെ, മതസ്വാതന്ത്ര്യത്തിനും വിശ്വാസത്തിനും വേണ്ടിയുള്ള അന്താരാഷ്ട്ര കൂട്ടായ്മയ്ക്ക് (ഇന്റർനാഷണൽ റിലീജിയസ് ഫ്രീഡം ഓർ ബിലീഫ്) സമർപ്പിച്ച അന്വേഷണ റിപ്പോർട്ടാണ് ഫിയോണ ബ്രൂസ് യു.കെയിലെ നയരൂപീകർത്താക്കൾക്കിടയിൽ വിതരണം ചെയ്തത്.

കഴിഞ്ഞ മാസം ആദ്യം ആരംഭിച്ച കലാപത്തിൽ നൂറുകണക്കിന് ക്രൈസ്തവ ദൈവാലയങ്ങളും ഗ്രാമങ്ങളുമാണ് ഇതുവരെ തകർക്കപ്പെട്ടത്. നൂറുകണക്കിന് ആളുകൾ അരുംകൊലയ്ക്കിരയായ മണിപ്പൂരിൽ ഏത് സമയത്തും ആക്രമിക്കപ്പെടുമെന്ന ഭീതിയിലാണ് ക്രൈസ്തവർ ജീവിക്കുന്നതെന്നും റിപ്പോർട്ടിൽ ചൂണ്ടി കാണിക്കുന്നു. ക്രൈസ്തവർക്ക് എതിരായ ആക്രമണങ്ങളിൽ നിന്ന് രക്ഷപ്പെട്ടവരുടെ മൊഴികളെ അടിസ്ഥാനമാക്കി തയാറാക്കിയതാണ് റിപ്പോർട്ടിന്റെ കണ്ടെത്തലുകൾ. പതിനായിരക്കണക്കിന് ആളുകൾ വീടുകൾ ഉപേക്ഷിച്ച് പലായനം ചെയ്യാൻ നിർബന്ധിതരായിട്ടുണ്ട്. അക്രമണങ്ങൾ തടയുന്നതിലും നിയന്ത്രിക്കുന്നതിലും മണിപ്പൂർ പൊലീസ് കമാൻഡോകൾ പ്രകടിപ്പിക്കുന്ന നിഷ്ക്രിയത്വത്തെ കുറിച്ചും ദുരിതബാധിതരെ ഉദ്ധരിച്ച് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

മതപരിവർത്തന വിരുദ്ധ നിയമങ്ങൾ, ഇപ്പോൾ നാം കാണുന്ന ആക്രമണങ്ങൾ എന്നിവ വിശദമായ അന്വേഷണത്തിന് വിധേയമാക്കണമെന്ന ആവശ്യവും റിപ്പോർട്ട് മുന്നോട്ടുവെക്കുന്നു. ദുരിതാശ്വാസ പ്രവർത്തകർക്ക് ദുരിതബാധിത പ്രദേശങ്ങളിലേക്കും കുടിയിറക്കപ്പെട്ടവരിലേക്കും എത്തിപ്പെടാനുള്ള സൗകര്യങ്ങൾ ഒരുക്കണം, ഹെൽപ്പ് ലൈൻ നമ്പറുകൾ സ്ഥാപിക്കണം, ഇന്റർനെറ്റ് കണക്ടിവിറ്റി പുനഃസ്ഥാപിക്കണം, ഇരകളെ അവരുടെ യഥാർത്ഥ വീടുകളിലേക്ക് തിരികെ കൊണ്ടുവരാൻ സൗകര്യം ഒരുക്കണം എന്നീ ആവശ്യങ്ങളും റിപ്പോർട്ട് മുന്നോട്ടുവെക്കുന്നു.

മതപരവും വംശീയവുമായ സംഘർഷങ്ങൾക്കിടയിൽ കുടുങ്ങിക്കിടക്കുന്ന മെയ്തെയി വിഭാഗത്തിലെ ക്രൈസ്തവ സമൂഹവും കടുത്ത പീഡനം നേരിടുന്നുണ്ട്. മെയ്തെയി ക്രൈസ്തവരുടെ 250ൽപ്പരം ദൈവാലയങ്ങൾ നശിപ്പിക്കപ്പെട്ടതായും പാസ്റ്റർമാർ സാക്ഷ്യപ്പെടുത്തി. പലപ്പോഴും കൊള്ളയടിച്ചശേഷമാണ് ദൈവാലയങ്ങൾ അഗ്നിക്കിരയാക്കിയത്. കുറഞ്ഞത് മൂന്ന് ജില്ലകളിലെങ്കിലും ദൈവാലയങ്ങൾ പൂർണമായും കത്തിനശിപ്പിക്കപ്പെട്ടിട്ടുണ്ട്. 2023 മേയ് മൂന്നു മുതൽ ആരാധനയ്ക്കോ പ്രാർത്ഥനയ്ക്കോ ക്രൈസ്തവർക്ക് അവിടെ ഒരുമിച്ചുകൂടാൻ കഴിഞ്ഞില്ലെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു.

## രാജ്യത്തെ സഭകൾ സംരക്ഷിക്കാനൊരുങ്ങി ഫ്രഞ്ച് ക്രൈസ്തവ സമൂഹം

പാരീസ് :രാജ്യത്തുടനീളമുള്ള ആയിരക്കണക്കിന് ചരിത്രപരമായ ക്രൈസ്തവ ആരാധനാലയങ്ങൾ സംരക്ഷിക്കുന്നതിനുള്ള പുതിയ പദ്ധതി സ്വാഗതം ചെയ്ത് ഫ്രഞ്ച് ക്രൈസ്തവ വിശ്വാസികളും സഭാ നേതാക്കളും.പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണിന്റെ പ്രതിജ്ഞയെ തുടർന്നാണ് പുതിയ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഫ്രാൻസിൽ ഏകദേശം 100,000 മതപരമായ കെട്ടിടങ്ങളുണ്ട്, അതിൽ 42,000 ക്രൈസ്തവ ദൈവാലയങ്ങളും ചാപ്പലുകളും കത്തീഡ്രലുകളും ആണ്. എല്ലാ ഫ്രഞ്ച് ഗ്രാമങ്ങളും പള്ളികൾക്ക് ചുറ്റുമാണ് നിർമ്മിച്ചിരിക്കുന്നത്



അതിനാൽ പള്ളികളെ പരിപാലിക്കുക എന്നതിനർത്ഥം രാജ്യത്തെ പരിപാലിക്കുക എന്നതാണ് ഫ്രഞ്ച് ബിഷപ്പ് കോൺഫറൻസ് ഡിപ്പാർട്ട്മെന്റിന്റെ ഡയറക്ടർ ഫാദർ ഗൗട്ടിയർ മോർനാസ് പറഞ്ഞു. നോട്രെ ഡാം തീപിടുത്തം നടന്ന് ഒരു വർഷത്തിനുള്ളിൽ, രാജ്യത്തെ 190 ചരിത്രപ്രധാനമായ കത്തീഡ്രലുകളുടെ അവസ്ഥ സംസ്ഥാനം പരിശോധിച്ചിരുന്നു. ഇതിനു പിന്നാലെ ദൈവാലയങ്ങൾ സംരക്ഷിക്കാനുള്ള ഒരുക്കങ്ങൾ നടത്തിയെങ്കിലും വിഫലമായി പോകുകയായിരുന്നു.

17891799 വിപ്ലവകാലത്തും അതിനുശേഷവും തകർന്ന ഫ്രാൻസിലെ ക്രൈസ്തവ ദൈവാലയങ്ങളും ആശ്രമങ്ങളും കോൺവെന്റുകളും 1905ലെ ചർച്ച്സ്റ്റേറ്റ് വേർപിരിയൽ നിയമപ്രകാരം സംസ്ഥാന സ്വത്തായി പ്രഖ്യാപിക്കപ്പെട്ടു, പ്രാദേശിക ഉദ്യോഗസ്ഥർ പൊതു ചെലവിൽ അവ പരിപാലിക്കണമെന്നും പുരോഹിതർക്ക് അവ ഉപയോഗിക്കാൻ അനുവാദം നൽകണമെന്നും ആവശ്യപ്പെട്ടിരുന്നു. കഴിഞ്ഞ ജൂൺ 13 നായിരുന്നു പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ രാജ്യത്തെ സഭകൾ സംരക്ഷിക്കാൻ ആഹ്വാനം ചെയ്തത് .

## ലഹരി വിരുദ്ധ സന്ദേശയാത്ര




ഉടുമ്പൻചോല: മെസ്സഞ്ചേഴ്സ് ഓഫ് ജീസസ് സംഘടിപ്പിച്ച ലഹരി വിരുദ്ധ സന്ദേശ യാത്രയുടെ താലൂക്ക് തല സമാപന സമ്മേളനം കൊച്ചറയിൽ നടന്നു. പാസ്റ്റർ കുര്യാക്കോസ് എം കുടക്കച്ചിറയുടെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ ജിജി കെ ഫിലിപ്പ് ഉത്ഘാടനം ചെയ്തു. പാസ്റ്റർ ജെയ്സ് പാണ്ടനാട് മുഖ്യ പ്രഭാഷണം നടത്തി. പാസ്റ്റർ സാജൻ വർഗീസ്,പാസ്റ്റർ ഷൈജു വർഗീസ്, പാസ്റ്റർ എം ഐ കുര്യൻ, പാസ്റ്റർ കെ കെ തങ്കച്ചൻ, ശ്രീ ജോൺസൺ, പാസ്റ്റർ ഷിബു എം തോമസ്, പാസ്റ്റർ ജോസഫ് ജോൺ, പാസ്റ്റർ തോമസ് എബ്രഹാം, പാസ്റ്റർ ബ്രൈറ്റ് സൺ, പാസ്റ്റർ ജെയ്സൺ ഇടുക്കി, ബ്രദർറെജി ചാക്കോ എന്നിവർ ആശംസകൾ അറിയിച്ചു.

## കെനിയയിൽ ട്രക്ക് അപകടത്തിൽ 48 മരണം



കെനിയയിൽ ട്രക്ക് അപകടത്തിൽ 48 പേർ മരിച്ചു. പടിഞ്ഞാറൻ കെനിയയിലെ തിരക്കേറിയ ജംഗ്ഷനിലാണ് സംഭവം നടന്നത്. നിയന്ത്രണം നഷ്ടപ്പെട്ട ട്രക്ക് മറ്റ് വാഹനങ്ങളിലേക്കും കാൽനടയാത്രക്കാരിലേക്കും ഇടിച്ച് കയറുകയായിരുന്നു. കെറിച്ചോയിലേക്ക് പോകുകയായിരുന്ന ട്രക്കാണ് അപകടത്തിൽപ്പെട്ടത്. ഒന്നോ രണ്ടോ പേർ ഇപ്പോഴും ട്രക്കിന്റെ അടിയിൽ കുടുങ്ങിക്കിടക്കുന്നുണ്ടെന്ന് സംശയിക്കുന്നതായി പ്രാദേശിക പൊലീസ് കമാൻഡർ ജെഫ്രി മയക് പറഞ്ഞു. അപകടത്തിൽ 30 പേർക്ക് പരുക്കേറ്റതായാണ് റിപ്പോർട്ട്. ഇവരെ വിവിധ ആശുപത്രികളിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. മരണസംഖ്യ ഇനിയും ഉയരാനാണ് സാധ്യത.

## ദേശീയ ക്രൈസ്തവ ദിനാചരണം

കൊട്ടാരക്കര: നാഷണൽ ക്രിസ്റ്റ്യൻ മൂവ്മെന്റ് ഫോർ ജസ്റ്റിസ് സംഘടിപ്പിക്കുന്ന നാഷനൽ ക്രിസ്റ്റ്യൻ ഡേ സംസ്ഥാന തല ഉദ്ഘാടനം ജൂലൈ രണ്ട് ഞായറാഴ്ച വൈകിട്ട് കൊട്ടാരക്കര മാർത്തോമാ പള്ളിയിൽ വച്ച് നടക്കും.
ബഹു. കേരളാ നിയമസഭ ഡെപ്യൂട്ടി സ്പീക്കർ ശ്രീ ചിറ്റയം ഗോപകുമാർ എംഎൽഎ ഉത്ഘാടനം നിർവ്വഹിക്കും.
NCMJ സംസ്ഥാന അഡ്വൈസറി കൗൺസിൽ അംഗം അഡ്വ. ഫാദർ ജോൺകുട്ടി അധ്യക്ഷത വഹിക്കും. ബിഷപ്പ് ഡോ. സിൽവസ്റ്റർ പൊന്നുമുത്തൻ (പുനലൂർ രൂപത) അനുഗ്രഹ പ്രഭാഷണം നടത്തും. വെരി റവ. ഗീവർഗീസ് നെടിയത്ത് റമ്പാൻ ആമുഖസന്ദേശം നൽകും. മുൻ യുഎൻ ഡയറക്ടറും മനുഷ്യാവകാശ പ്രവർത്തകനും പബ്ലിക് പോളിസി വിദഗ്ധനുമായ ഡോ ജെ എസ് അടൂർ 'വെറുപ്പിന്റെ കാലത്തെ അരക്ഷിത ക്രൈസ്തവ ജനത ' എന്ന വിഷയത്തെ അധികരിച്ച് വിഷയാവതരണം നടത്തും. വെരി. റവ. കെ വൈ ജേക്കബ് ( ഭദ്രാസന സെക്രട്ടറി, കൊട്ടാരക്കര പുനലൂർ, മാർത്തോമ സഭ) മണിപ്പൂർ ഐക്യദാർഢ്യ പ്രമേയം അവതരിപ്പിക്കും.

NCMJ സംസ്ഥാന ജനറൽ സെക്രട്ടറി പാസ്റ്റർ ജെയ്സ് പാണ്ടനാട് , റവ. അലക്സ് പി ജോൺ( മാർത്തോമാ ചർച്ച്, കൊട്ടാരക്കര), മേജർ എൻ ഡി ജോഷ്വാ( ഡിവിഷണൽ കമാൻഡർ, സാൽവേഷൻ ആർമി, കൊട്ടാരക്കര), ശ്രീ എസ് ആർ രമേശ്(നഗര സഭാ ചെയർമാൻ, കൊട്ടാരക്കര), ശ്രീ പി എ സജി മോൻ(കൊല്ലം ജില്ലാ പ്രസിഡന്റ്, NCMJ), ഫാദർ വിൻസന്റ് എസ് ഡിക്രൂസ്, പ്രൊഫ. ഡോ ജോണുകുട്ടി പി ( ജില്ലാ സെക്രട്ടറി) എന്നിവർ പ്രസംഗിക്കും.

## സംസ്ഥാനത്ത് നാളെ മുതൽ കാലവർഷം സജീവമാകാൻ സാധ്യത

തിരുവനന്തപുരം :സംസ്ഥാനത്ത് നാളെ മുതൽ കാലവർഷം സജീവമാകാൻ സാധ്യത.
നാളെ ഏഴ് ജില്ലകളിൽ യല്ലോ അലർട്ട് പ്രഖ്യാപിച്ചു. തിങ്കളാഴ്ച്ചയും ചൊവ്വാഴ്ച്ചയും സംസ്ഥാനത്ത് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ മുന്നറിയിപ്പ്.

CNL7 MEDIA
Vol. 2 Issue 149
CHRISTIANLIVE DAILY
1
Saturday
Pages 5
518

